# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5229 — 02.07.2013 ൽ മറുപടിയ്ക്ക്

## വായ്പയെടുത്ത അശരണർക്കുള്ള ആശ്വാസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സംഘങ്ങളിലെ വായ്പ തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാത്ത അശരണർക്കായുള്ള ആശ്വാസ് പദ്ധതിയിൽ എത്ര ലക്ഷം രൂപ വരെയുള്ള വായ്പകളാണ് വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) വായ്പകൾക്ക് പരിധി നിശ്ചയിച്ചിട്ടില്ല. 10 ലക്ഷം രൂപവരെയുള്ള കുടിശ്ശികയായ വായ്പകൾ വായ്പയെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശ നിരക്കോ ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണ് കുറവ് ആയതുപ്രകാരം മുതലിനെ അധികരിക്കാത്ത പലിശയും മുതലും അടച്ച് പിഴപ്പലിശ നോട്ടീസ് ചാർജ്ജ് എന്നിവ പൂർണ്ണമായും ഒഴിവാക്കി സംഘം കേസുകൾക്കായി ഫീസുകൾ അടച്ചിട്ടുണ്ടെങ്കിൽ ആയതുകൂടി അടച്ച് വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.<br>10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് ഉണ്ടായിരുന്ന പലിശ നിരക്കോ നിലവിലുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത്പ്രകാരം മുതലിനെ അധികരിക്കാതെ പലിശയും ടി പലിശത്തുകയുടെ 5% ൽ അധികരിക്കാതെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും മുതലിനൊപ്പം അടച്ച് പിഴപ്പലിശയും മറ്റിനം ചെലവുകളും പൂർണ്ണമായും ഒഴിവാക്കി ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസുകൾ സംഘം അടച്ചിട്ടുണ്ടെങ്കിൽ ആയതും അടച്ച് വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം സഹകരണ ബാങ്കുകളും സംഘങ്ങളുമാണ് ആശ്വാസ് പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തിരിക്കുന്നത്? | (ബി) | കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിൽ വരുന്ന എല്ലാ വായ്പാ സഹകരണ സ്ഥാപനങ്ങൾക്കും ആശ്വാസ് പദ്ധതി നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ